ചീമേനി ഐ.ടി. പാർക്ക് ആരംഭിക്കുന്നതിലുള്ള കാലതാമസം

51 (97) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനിയിൽ തറക്കല്ലിട്ട ഐ. ടി. പാർക്കിന് 100 ഏക്കർ സ്ഥലം കൈമാറ്റിക്കിട്ടിയിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

ചീമേനിയിൽ ഐ.ടി. പാർക്കിനുവേണ്ടി 100 ഏക്കർ സ്ഥലം കൈമാറി ഉത്തരവായെങ്കിലും പ്രസ്തുത സർക്കാർ ഭൂമിക്ക് അടുത്ത് മറ്റ് ചില പദ്ധതികൾക്കുകൂടി ഭൂമി കണ്ടെത്തിയിട്ടുള്ളതുകൊണ്ട് ഉടമസ്ഥാവകാശം നൽകേണ്ടുന്ന സർവ്വേ നമ്പർ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. കൈവശാവകാശം ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുവാൻ സാധിക്കും.

കൊരട്ടി ഇൻഫോപാർക്കിന്റെ വികസനം

52 (98) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനം പൂർത്തീകരിച്ചിട്ടുണ്ടോ ; രണ്ടാം ഘട്ട വികസനം പൂർത്തിയാക്കുന്നതോടുകൂടി എത്ര കമ്പനികൾ പ്രവർത്തനക്ഷമമാകും ; എത്ര പേർക്ക് തൊഴിൽ സാധ്യതയുണ്ടാകും ;

(ബി) മൂന്നാംഘട്ട വികസനത്തിനാവശ്യമായ നടപടികൾ ഏതു ഘട്ടത്തിലാണ് പ്രത്യേക സാമ്പത്തിക മേഖലകൾക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പാർക്കിന്റെ വികസനത്തിനാവശ്യമായ അധികഭൂമി ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ; ഇതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ എന്തെങ്കിലും വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ?

ഉത്തരം

(എ) കൊരട്ടി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി ആദ്യത്തെ കെട്ടിടത്തിന്റെ നവീകരണം പൂർത്തിയായി. 6 കമ്പനികൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. അടുത്ത രണ്ടു കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപടികൾ പൂർത്തിയായി വരുന്നു. അവിടെ 22 കമ്പനികൾക്ക് പ്രവർത്തിക്കാനുള്ള സൗകര്യം ഒരുക്കുന്നുണ്ട്. രണ്ടാംഘട്ടത്തിൽ ഏകദേശം 268 പേർക്ക് തൊഴിൽ ലഭിക്കുമെന്ന് കരുതുന്നു.

(ബി & സി) ഇൻഫോപാർക്ക് തൃശൂരിന്റെ (കൊരട്ടി) മൂന്നാംഘട്ട വികസനം തുടർച്ചയായ 25 ഏക്കറിൽ അധികമുള്ള ഒരു sector specific പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക മേഖലയായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. അധിക ഭൂമി ലഭിക്കുന്ന മുറയ്ക്ക് മൂന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു. എന്നാൽ ഈ സ്ഥലം ബഹു: ഹൈക്കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരത്തിന് വിധേയമായിരിക്കുന്നതിനാൽ വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സ് സർവ്വീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീം

53 (100) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സ് സർവ്വീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീമിൽ (ECHS) എത്ര പോളിക്ലിനിക്കുകളാണ് കേരളത്തിൽ പ്രവർത്തിക്കുന്നതെന്നും അവ എവിടെയെല്ലാമാണെന്നും ഓരോന്നും ഏത് കാറ്റഗറിയിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) ഓരോ പോളിക്ലിനിക്കുകളിലും ഏതെല്ലാം സ്പെഷ്യലൈസേഷനുകളിലുള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ പോളിക്ലിനിക്കിന്റെയും കീഴിൽ ഏതെല്ലാം ആശുപത്രികളും ഡയഗ്നോസ്റ്റിക് സെന്ററുകളുമാണ് എം. പാനൽ ചെയ്യപ്പെട്ടിട്ടുള്ളതെന്നും എം. പാനൽഡ് ഹോസ്പിറ്റലുകളിലും ഡയഗ്നോസ്റ്റിക് സെന്ററുകളിലും ഏതെല്ലാം വിഭാഗത്തിലുള്ള ചികിത്സകളും പരിശോധനകളും ലഭ്യമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) എക്സ് സർവ്വീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീമിൽ നിലവിൽ 11 പോളിക്ലിനിക്കുകളാണ് പ്രവർത്തിക്കുന്നത് അവ എവിടെയെല്ലാമാണെന്നും ഏത് കാറ്റഗറിയിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും അനുബന്ധം ആയി ചേർക്കുന്നു.*

(ബി) ഓരോ പോളിക്ലിനിക്കുകളിലും ഏതെല്ലാം സ്പെഷ്യലൈസേഷനുകളിലുള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാണ് എന്നുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു.*

(സി) ഓരോ പോളിക്ലിനിക്കുകളുടെയും കീഴിൽ ഉള്ള എം പാനൽഡ് ഹോസ്പിറ്റലുകളിൽ ലഭ്യമായിട്ടുള്ള ചികിത്സാ വിഭാഗങ്ങളും പരിശോധനകളും അനുബന്ധം ആയി ചേർക്കുന്നു.*

കായംകുളം കായലിന്റെ നവീകരണ പ്രവർത്തികൾ

54 (106) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 2 കോടി രൂപ വിനിയോഗിച്ച് കായംകുളം കായലിൽ ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly